# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1899 — 17.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.എ.മാധവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേററ ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>• സമ്പാദ്യ സമാശ്വാസപദ്ധതി<br>• NFWF പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി<br>• പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതി<br>• നബാർഡിന്റെ RIDF പദ്ധതി മുഖേന നടപ്പാക്കുന്ന 11 കോടി രൂപയുടെ വികസന പദ്ധതികൾ<br>• മത്സ്യബന്ധന ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി 50 കോടി രൂപയുടെ വികസന പദ്ധതികൾ |
| (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിൽപനയിലെ തിരിമറികൾ അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വില്പനയിലെ തിരിമറികൾ അവസാനിപ്പിക്കുന്നതിന് മണ്ണെണ്ണ വിതരണം ചെയ്യുന്നത് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20.11.12 ൽ (സാധാ)984/12/മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന പഠന സ്കോളർഷിപ്പ് കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ഫിഷറീസ് വകുപ്പിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകുന്നത്. സംസ്ഥാനത്തെ നേഴ്സറി തലം മുതൽ ഉന്നത വിദ്യാഭ്യാസ പഠന തലം വരെ പഠനം നടത്തുന്ന എല്ലാ പട്ടിക ജാതി/ പട്ടിക വർഗ്ഗ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കും നൽകി വരുന്ന ലംപ് സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈഫന്റ്,പോക്കറ്റ് മണി എന്നിവ 11/01/12 ലെ 06/12/പജാപവവിവ നം.ഉത്തരവ് പ്രകാരം 01.06.08 മുതൽ നടപ്പിലാക്കിയ വർദ്ധനവ് ഫിഷറീസ് വകുപ്പിനും ബാധകമാക്കിയിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ